# ആശൂറാഅ് നോമ്പ്

ചരിത്രപ്രസിദ്ധമായ നിരവധി സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചുവെന്നത് മുഹർറം പത്തിന്റെ സവിശേഷതയാണ്. ആദം നബി(അ) മുതൽ മുഹമ്മദ് നബി(സ്വ) വരെയുള്ള പല നബിമാരുടെയും ജീവിതത്തിലെ അവിസ്മരണീയ സംഭവങ്ങൾക്ക് അല്ലാഹു തിരഞ്ഞെടുത്തത് ഈ ദിവസത്തെയാണ്. നൂഹ്(അ), ഇബ്റാഹീം(അ), യൂസുഫ്(അ), യഅ്ഖൂബ്(അ), മൂസാ(അ),അയ്യൂബ്(അ), യൂനുസ്(അ), ഈസാ(അ) തുടങ്ങിയ നബിമാരെ വിവിധ പരീക്ഷണങ്ങളിൽ നിന്നും ശത്രുശല്യങ്ങളിൽ നിന്നും മറ്റും രക്ഷപ്പെടുത്തിയ ദിവസമാണത്. വേദനിക്കുന്ന ഹൃദയത്തോടെ അല്ലാഹുവിലേക്ക് കൈകളുയർത്തിയ പലർക്കും പൂർണ സംതൃപ്തി നൽകുന്ന മറുപടികൾ മുഹർറം പത്തിന് നാഥൻ നൽകി. അല്ലാഹുവിനെതിരെ യുദ്ധപ്രഖ്യാപനം നടത്തിയ പല ധിക്കാരികളെയും നശിപ്പിച്ചുകൊ് ദീനിനെ സംരക്ഷിച്ച ദിനം കൂടിയാണ് മുഹർറം പത്ത്. അതുവഴി, അല്ലാഹുവിന്റെ അനുസരണയുള്ള അടിമകൾക്ക് പൂർണ സുരക്ഷിതത്വവും ഉന്നത വിജയവും ഉയർന്ന പദവികളും ഈ സുദിനത്തിൽ അല്ലാഹു കനിഞ്ഞരുളുകയുായി. ''വൽ ഫജ്രിയിൽ പറഞ്ഞ പ്രഭാതം ആശൂറാഇന്റെ പ്രഭാതമാണ്'' (ഗാലിയത്:2/85).

മനുഷ്യകുലത്തിന് ഈ ദിനത്തിൽ അല്ലാഹു നൽകിയ അസംഖ്യം അനുഗ്രഹങ്ങളെ അനുസ്മരിച്ചുകൊ് പ്രത്യേകാരാധനകളിലൂടെ നന്ദി ചെയ്യാൻ നമ്മോട് കൽപിക്കപ്പെട്ടിരിക്കുന്നു. മുഹമ്മദ് നബി(സ്വ)ക്ക് മുമ്പുള്ള എല്ലാ പ്രവാചകന്മാരും ഈ ദിവസത്തെ പ്രത്യേകം പരിഗണിച്ചിരുന്നതായി ഹദീസുകളില്ു്. കാരണം: മുഹർറം പത്ത്, മുഹമ്മദ് നബി(സ്വ)യുടെ ഉമ്മത്തിന്റെ മാത്രം വിശേഷദിനമല്ല, പൂർവ്വ പ്രവാചകരുടെയും പൂർവ്വിക സമുദായങ്ങളുടെയെല്ലാം വിശേഷ ദിനമായിരുന്നു.
അനുഗ്രഹങ്ങൾക്കുള്ള നന്ദി പ്രകടനത്തിന് ഏറ്റവും അനുയോജ്യമായ ഇബാദത്തായി ഇസ്ലാം എടുത്തു കാട്ടിയത് വ്രതാനുഷ്ഠാനത്തെയാണല്ലോ. വിശുദ്ധ ഖുർആൻ എന്ന അതിമഹത്തായ അനുഗ്രഹത്തിന്റെ മാസമായതുകൊണ്ട് റമളാൻ മാസം നിർബന്ധ വ്രതാനുഷ്ഠാനത്തിന് തിരഞ്ഞെടുക്കപ്പെട്ടതെന്ന് മുഫസ്സിറുകൾ വ്യാഖ്യാനിച്ചിട്ടു്. തിങ്കളാഴ്ചകളിൽ വ്രതാനുഷ്ഠാനം സുന്നത്തായത് നബി(സ്വ) തങ്ങളുടെ ജന്മദിനമെന്ന നിലക്ക്, ആ മഹത്തായ അനുഗ്രഹത്തോടുള്ള നന്ദിയായാണ്. ഇപ്രകാരം ആശൂറാഅ് നോമ്പും സുന്നത്താക്കപ്പെട്ടിരിക്കുന്നു. മുൻകാല നബിമാരും ഈ ദിനത്തിൽ നോമ്പെടുത്തിരുന്നു.
''മുൻ കഴിഞ്ഞ പ്രവാചകന്മാരെല്ലാം നോമ്പെടുത്തിട്ടുള്ള ദിവസമായ ആശൂറാഅ് ദിവസം നിങ്ങളെല്ലാം നോമ്പെടുക്കണ''മെന്ന് നബി(സ്വ) പറഞ്ഞതായി അബൂഹുറയ്റ(റ) ഉദ്ധരിക്കുന്നു (ഇബ്നു അബീശൈബഃ). ''നൂഹ് നബി(അ)യും സമുദായവും കപ്പലിൽ നിന്ന് കരയ്ക്കിറങ്ങിയ ദിവസമായ മുഹർറം പത്തിന് അവർ നോമ്പുകാരായിരുന്നു'' (ഗാലിയതുൽ മവാഇള്:2/86). ആഇശ ബീവി(റ) പറയുന്നു: ''ജാഹിലിയ്യാ കാലത്ത് ഖുറൈശികൾ ആശൂറാഅ് ദിവസം നോമ്പെടുത്തിരുന്നു. നുബുവ്വത്തിനു മുമ്പ് നബി(സ്വ)യും ഈ നോമ്പെടുത്തു. നബി(സ്വ) മദീനയിൽ പോയപ്പോൾ ആശൂറാഅ് നോമ്പ് സ്വയം അനുഷ്ഠിക്കുന്നതിനു പുറമെ അനുയായികളോട് കൽപിക്കുകയും ചെയ്തു'' (നസാഈ, തിർമിദി, അബൂദാവൂദ്, ഇബ്നു മാജ).

നബി(സ്വ)യുടെ കാലത്തും അതിനു മുമ്പും ജൂതന്മാർ ആശൂറാഅ് ദിവസത്തിന് പ്രത്യേക പദവിയും പ്രാധാന്യവും നൽകുകയും നോമ്പനുഷ്ഠിക്കുകയും ചെയ്തിരുന്നു. ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: ''നബി(സ്വ) മദീനയിലെത്തിയ ശേഷം ഒരു മുഹർറം പത്തിന് ജൂതന്മാർ നോമ്പനുഷ്ഠിക്കുന്നത് ക് കാരണമന്വേഷിച്ചപ്പോൾ, 'മൂസാ നബി(അ)യെ ഫിർഔനിൽ നിന്നു രക്ഷിച്ച ദിനമാണതെ'ന്ന് അവർ മറുപടി പറഞ്ഞു. (നബി(സ്വ) മക്കയിൽ നിന്നു തന്നെ മുഹർറം പത്തിനു വ്രതമെടുക്കാറുായിരുന്നു. എന്നാൽ ജൂതരുടെ മറുപടി കേട്ടപ്പോൾ) മൂസാ(അ)യുമായി നിങ്ങളെക്കാൾ ബന്ധപ്പെട്ടവർ ഞങ്ങളാണെന്ന് പറഞ്ഞുകൊ് ആശൂറാഅ് നോമ്പ് നോൽക്കാൻ മുസ്ലിംകളോട് നബി(സ്വ) നിർദ്ദേശിച്ചു'' (ബുഖാരി, മുസ്ലിം). ഖൈബറിലെ യഹൂദികൾ ആശൂറാഅ് ദിവസം നോമ്പെടുക്കുന്നതും സ്ത്രീകളെ ആഭരണമണിയിച്ചും അലങ്കരിച്ചും ഉത്സവം കൊാടുന്നതും കപ്പോൾ ഈ ദിവസം നിങ്ങളും നോമ്പെടുക്കണമെന്ന് മുസ്ലിംകളോട് നബി(സ്വ) നിർദ്ദേശിച്ചുവെന്ന് അബൂ മൂസാ(റ) വ്യക്തമാക്കിയിട്ടു് (ബുഖാരി, മുസ്ലിം). ജാബിർ ഇബ്നു സമുറ(റ) പറയുന്നു: ''നബി(സ്വ) ആശൂറാഅ് നോമ്പ് കൽപിക്കുകയും അതിനു ഞങ്ങളെ പ്രേരിപ്പിക്കുകയും

നോമ്പെടുക്കുന്നുണ്ടോയെന്ന് സൂക്ഷ്മ നിരീക്ഷണം നടത്തുകയും ചെയ്യാറുണ്ടായിരുന്നു''(മുസ്‌ലിം). നബി(സ്വ) ഒരു നിലയ്ക്കും ഒഴിവാക്കാത്ത നാലു കാര്യങ്ങളുണ്ട്. മുഹർറം പത്തിന്റെ നോമ്പും ദുൽഹിജ്ജയിലെ ആദ്യത്തെ ഒമ്പതു ദിവസത്തെ നോമ്പുകളും പ്രതിമാസം മൂന്നു വീതം നോമ്പുകളും സ്വുബ്ഹിക്കു മുമ്പുള്ള രണ്ടു റക്അത്ത് നിസ്കാരവുമാണവ (അന്നസാഈ). ''നബി(സ്വ) മറ്റുള്ളവയെക്കാൾ പ്രാധാന്യം എടുത്തു പറഞ്ഞുകൊണ്ട് നിർബന്ധ ബുദ്ധിയോടെ നോമ്പെടുത്തതായി ഞാൻ കണ്ടത് ദിവസങ്ങളുടെ കൂട്ടത്തിൽ ആശൂറാഅ് ദിനത്തിലും മാസങ്ങളുടെ കൂട്ടത്തിൽ റമളാനിലും മാത്രമാണ്'' എന്ന് ഇബ്നു അബ്ബാസ്(റ) പറയുന്നു (ബുഖാരി, മുസ്‌ലിം).

ആശൂറാഅ് ദിനത്തിൽ ''ഹസ്ബിയല്ലാഹു വ നിഅ്മൽ വകീൽ, നിഅ്മൽ മൗലാ വ നിഅ്മന്നസ്വീർ'' എന്ന് എഴുപത് തവണ പറയുന്നവരെ ആ വർഷത്തിലെ എല്ലാവിധ അനർഥങ്ങളിൽ നിന്നും അല്ലാഹു സുരക്ഷിതമാക്കുമെന്ന് ഇമാം ഉജ്ഹൂരി(റ) പറഞ്ഞിട്ടുണ്ട് (തഖ്‌രീറു ഇആനത്ത്:2/267).

ആശൂറാഅ് നോമ്പ് നിർബന്ധമാണെന്ന് തോന്നുന്ന രൂപത്തിൽ വളരെ കർശനമായാണ് നബി(സ്വ) ആദ്യഘട്ടത്തിൽ നടപ്പിലാക്കിയിരുന്നത്. സ്വഹാബികൾ നോമ്പെടുക്കുന്നുണ്ടോയെന്ന് നബി(സ്വ) സൂക്ഷ്മ നിരീക്ഷണം നടത്താറുണ്ടായിരുന്നുവെന്ന് ജാബിർ ഇബ്നു സമുറ(റ) ഉദ്ധരിച്ച ഹദീസിൽ പറഞ്ഞത് കർശന സ്വഭാവത്തിന്റെ തെളിവാണ്. ആഇശ(റ) നിവേദനം ചെയ്ത ഒരു ഹദീസിലും ഇതിന്റെ സൂചനയുണ്ട്. ആഇശ(റ) പറയുന്നു: 'റമളാൻ നോമ്പ് ഫർളായതോടെ ആശൂറാഇന്റെ കാര്യത്തിലുള്ള കർശന ശാസന നബി(സ്വ) ഒഴിവാക്കി. കഴിയുന്നവർ നോൽക്കണമെന്നും അല്ലാത്തവർക്ക് ഒഴിവാക്കാമെന്നും തങ്ങൾ ഇളവു നൽകി' (നസാഈ, അബൂദാവൂദ്, തിർമിദി, ഇബ്നുമാജ). ഹിജ്റക്കു ശേഷം റമളാൻ നോമ്പ് ഫർളായപ്പോൾ ആശൂറാഅ് നോമ്പിന്റെ കാര്യത്തിൽ ചെറിയ വിട്ടുവീഴ്ച നൽകിയെങ്കിലും നബി(സ്വ) തുടർന്നും അതിനു പ്രേരിപ്പിച്ചു കൊണ്ടിരുന്നു. അതിനാൽ ആശൂറാഅ് നോമ്പ് ഫർളല്ലെങ്കിലും ശക്തിയായ സുന്നത്താണ് (ഗാതുൽ മഅ്മൂൽ: 2/89).

ആശൂറാഅ് നോമ്പ് നബി(സ്വ)യുടെ ജീവിതത്തിന്റെ ഒരു ഘട്ടത്തിലും ഫർളാക്കിയിരുന്നില്ല. എന്നാൽ, ഫർളു പോലെ പ്രാധാന്യത്തോടെ നബി(സ്വ) അത് നടപ്പിലാക്കിയിരുന്നു. എന്നാൽ, ഇമാം അബൂഹനീഫ(റ) ഉൾപ്പെടെയുള്ള ചില പണ്ഡിതന്മാർ പറയുന്നത് ആദ്യഘട്ടത്തിൽ അത് ഫർളായിരുന്നുവെന്നും പിന്നീട് റമളാൻ നോമ്പ് നടപ്പിലായപ്പോൾ ആശൂറാഇന്റെ നിർബന്ധ കൽപന പിൻവലിച്ചെന്നുമാണ്. ഈ അഭിപ്രായം ശാഫിഈ മദ്ഹബിൽ ഇല്ലെങ്കിലും ആശൂറാഇന്റെ പ്രാധാന്യത്തിലേക്കുള്ള സൂചനയാണ്. ഇമാം നവവീ(റ) തന്നെയാണ് ഇതെല്ലാം പ്രഖ്യാപിച്ചത് (അത്തർഗീബു വത്തർഹീബ് എന്ന ഹദീസ് ഗ്രന്ഥത്തിന്റെ വ്യാഖ്യാനം:2/115).

END